ഭരണ ഭാഷ - മാതൃഭാഷ

**കേരള സർക്കാർ**
**ഇലക്ഷൻ (അക്കൗണ്ട്സ്) വകുപ്പ്**

നം: 449/ഇ.എ2/2017/ഇലക്ഷൻ                നിയമസഭാ കോംപ്ലെക്സ്,
തിരുവനന്തപുരം-33. തീയതി : 04.05.2017

ചീഫ് ഇലക്ടറൽ ഓഫീസർ &
പ്രിൻസിപ്പൽ സെക്രട്ടറി.

1) കോളേജ് വിദ്യാഭ്യാസ ഡയറക്ടർ,
   തിരുവനന്തപുരം.
2) പൊതു വിദ്യാഭ്യാസ ഡയറക്ടർ (ഡി.പി.ഐ),
   തിരുവനന്തപുരം.
3) ഡയറക്ടർ,
   ഹയർ സെക്കൻണ്ടറി ഡയറക്ടറേറ്റ്, തിരുവനന്തപുരം.
4) ഡയറക്ടർ,
   വൊക്കേഷണൽ ഹയർ സെക്കന്റണ്ടറി ഡയറക്ടറേറ്റ്, തിരുവനന്തപുരം.

സർ,

വിഷയം :- ഇലക്ഷൻ വകുപ്പ് - തെരഞ്ഞെടുപ്പ് ജോലികൾക്കായി നിയോഗിക്കപ്പെടുന്ന വെക്കേഷൻ സ്റ്റാഫിന് ആർജ്ജിത അവധി (ഏൺഡ് ലീവ്) അനുവദിക്കുന്നത് -സ്പഷ്ടീകരണം -സംബന്ധിച്ച്.

സൂചന:- 1) ഇലക്ഷൻ വകുപ്പിന്റെ 05.05.2016-ലെ 1836/ഇ.എ.2/2016/ഇലക്ഷൻ നമ്പർ കത്ത്.
2) ധനകാര്യ (റൂൾസ്-ബി) വകുപ്പിന്റെ 07.04.2017-ലെ ഇ-429868/റൂൾസ്-ബി1/2016/ധന.

സൂചന 1-ലെ കത്തിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നതിനോടൊപ്പം, തെരഞ്ഞെടുപ്പ് ജോലികൾക്ക് നിയോഗിക്കപ്പെടുന്ന വെക്കേഷൻ സ്റ്റാഫിന് ആർജ്ജിത അവധി അനുവദിക്കുന്നത് സംബന്ധിച്ച് ചുവടെ ചേർക്കുന്ന വിവരം കൂടി താങ്കളെ അറിയിക്കുന്നു.

"കെ.എസ്.ആർ, ഭാഗം I, ചട്ടം 81 പ്രകാരം വെക്കേഷൻ വകുപ്പിലെ ഉദ്യോഗസ്ഥന് മുഴുവൻ ഒഴിവു കാലവും അനുഭവിയ്ക്കുന്നതിൽ നിന്ന് വിലക്കപ്പെട്ടിട്ടുണ്ടെങ്കിൽ പ്രസ്തുത ചട്ടപ്രകാരമുള്ള ആർജ്ജിതാവധി അനുവദനീയമാണ്. വെക്കേഷൻ അനുഭവിയ്ക്കുന്നത് തടയപ്പെടുന്നതിനാൽ ഇലക്ഷൻ ക്ലാസ്സുകളിൽ പങ്കെടുക്കുന്ന വെക്കേഷൻ സ്റ്റാഫിനും മേൽ ചട്ടപ്രകാരമുള്ള ആർജ്ജിതാവധി അനുവദിയ്ക്കാവുന്നതാണ് ".

വിശ്വസ്തതയോടെ,
**ഹാരിസൻ സേവ്യർ,**
അഡീഷണൽ സെക്രട്ടറി & അഡീഷണൽ സി.ഇ.ഒ.
ചീഫ് ഇലക്ടറൽ ഓഫീസർ & പ്രിൻസിപ്പൽ സെക്രട്ടറിക്ക് വേണ്ടി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ്:-
1) ഉന്നത വിദ്യാഭ്യാസ വകുപ്പ്.
2) പൊതു വിദ്യാഭ്യാസ വകുപ്പ്.
3) ഇലക്ഷൻ (ജനറൽ) വകുപ്പ്.
4) ധനകാര്യ (റൂൾസ്-ബി) വകുപ്പിന്റെ ഇ-429868/റൂൾസ്-ബി1/2016/ധന. നമ്പർ കുറിപ്പ് ഫയൽ പ്രകാരം).
5) സ്റ്റോക്ക് ഫയൽ-2017.

5/5/17
ഠ/C

-1-

**കേരള സർക്കാർ**
**ഇലക്ഷൻ (അക്കൗണ്ട്സ്) വകുപ്പ്**

നം: 1836/ഇ.എ2/2016/ഇലക്ഷൻ

നിയമസഭാ കോംപ്ലെക്സ്,
തിരുവനന്തപുരം-33. തീയതി : 05.05.2016

ചീഫ് ഇലക്ടറൽ ഓഫീസർ &
പ്രിൻസിപ്പൽ സെക്രട്ടറി.

1) കോളേജ് വിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.
2) പൊതു വിദ്യാഭ്യാസ ഡയറക്ടർ (ഡി.പി.ഐ),
തിരുവനന്തപുരം.
3) ഡയറക്ടർ,
ഹയർ സെക്കൻണ്ടറി ഡയറക്ടറേറ്റ്, തിരുവനന്തപുരം.
4) ഡയറക്ടർ,
വൊക്കേഷണൽ ഹയർ സെക്കന്റണ്ടറി ഡയറക്ടറേറ്റ്, തിരുവനന്തപുരം.

സർ,

വിഷയം :- ഇലക്ഷൻ വകുപ്പ് - സ്വകാര്യ എയ്ഡഡ് കോളേജുകൾ - കേരളത്തിലെ ഗവൺമെന്റ്/എയ്ഡഡ് ആർട്സ് & ഡയൻസ് കോളേജ് അദ്ധ്യാപകർക്ക് ഇലക്ഷൻ ഡ്യൂട്ടിയുമായി ബന്ധപ്പെട്ട് ആർജ്ജിത അവധി (ഏൺഡ് ലീവ്) അനുവദിക്കുന്നത് - സംബന്ധിച്ച്.

സൂചന:- കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 29.03.2016-ലെ ഡി-1/34660/2015/കോ.വി.വ. നമ്പർ കത്ത്.

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സൂചന കത്ത് പ്രകാരം മദ്ധ്യവേനൽ അവധിക്കാലത്ത് തെരഞ്ഞെടുപ്പ് ജോലിക്ക് നിയോഗിക്കപ്പെടുന്ന അദ്ധ്യാപകർക്കും, അദ്ധ്യാപകേതര ജീവനക്കാർക്കും പ്രസ്തുത ദിവസങ്ങളിൽ ആർജിത അവധി അനുവദിക്കാവുന്നതാണോ എന്ന് അറിയിക്കുവാൻ അഭ്യർത്ഥിച്ചിരുന്നു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, കെ.എസ്.ആർ ഭാഗം 1, ചട്ടം 81-ന്റെ അടിസ്ഥാനത്തിൽ, വെക്കേഷൻ കാലയളവിൽ തെരഞ്ഞെടുപ്പ് ജോലി നിർവ്വഹിക്കുന്ന വെക്കേഷൻ സ്റ്റാഫിന് ആർജ്ജിതാവധി അനുവദനീയമാണെന്നും, വെക്കേഷൻ സ്റ്റാഫ് അല്ലാത്ത അദ്ധ്യാപകേതര ജീവനക്കാർക്ക് ടി ചട്ട പ്രകാരം ആർജ്ജിതാവധിയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല എന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ,

**ഡോ. എം. ബീന,**
സെക്രട്ടറി &
അഡീഷണൽ ചീഫ് ഇലക്ടറൽ ഓഫീസർ.
ചീഫ് ഇലക്ടറൽ ഓഫീസർ & പ്രിൻസിപ്പൽ സെക്രട്ടറിക്ക് വേണ്ടി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

<u>പകർപ്പ്:-</u>
1) ഉന്നത വിദ്യാഭ്യാസ വകുപ്പ്.
2) പൊതു വിദ്യാഭ്യാസ വകുപ്പ്.
3) ഇലക്ഷൻ (ജനറൽ) വകുപ്പ്.
4) സ്റ്റോക്ക് ഫയൽ.